**<u>15 -ാം കേരള നിയമസഭ</u>**

**<u>11 -ാം സമ്മേളനം</u>**

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3814</u>** **<u>27-06-2024 - ൽ മറുപടിയ്ക്ക്</u>**

**<u>വഖഫ് ബോർഡ് നടപ്പാക്കുന്ന ക്ഷേമ പദ്ധതികൾ</u>**

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">ഉത്തരം</th></tr>
<tr><td colspan="2">ശ്രീ. എ. കെ. എം. അഷ്റഫ്</td><td colspan="2">ശ്രീ. വി. അബ്ദുറഹിമാൻ<br>(ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പ് മന്ത്രി)</td></tr>
<tr><td>(എ)</td><td>വഖഫ് ബോർഡ് മുഖാന്തിരം നടപ്പാക്കുന്ന ക്ഷേമ പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ;</td><td>(എ)</td><td>വഖ്ഫ് ബോർഡിന്റെ സാമൂഹ്യക്ഷേമ പദ്ധതി പ്രകാരം സർക്കാരിൽ നിന്നുള്ള സ്പെഷ്യൽ ഗ്രാന്റ് ഉപയോഗിച്ച് പ്രതിമാസ ധനസഹായം (വഖ്ഫ് സ്ഥാപനങ്ങളിൽ ജോലി ചെയ്ത് വരുന്ന പണ്ഡിതർ, അദ്ധ്യാപകർ, ഖാദിം എന്നിവർക്കുള്ള പെൻഷൻ), ചികിൽസ ധനസഹായം, വിവാഹധനസഹായം, കാലിക്കറ്റ് യൂണിവേഴ്സിറ്റിക്കുള്ള ഇസ്ലാമിക് ചെയർ ഗ്രാന്റ് എന്നിവ നൽകി വരുന്നുണ്ട്. കൂടാതെ ബോർഡിന്റെ തനത് ഫണ്ടിൽ നിന്നും ഭിന്നശേഷിയുള്ള വ്യക്തികൾക്കുള്ള പ്രതിമാസ ധനസഹായവും നൽകുന്നുണ്ട്.</td></tr>
<tr><td>(ബി)</td><td>2023-24 വർഷം പ്രസ്തുത പദ്ധതികൾ പ്രകാരം എത്ര ഗുണഭോക്താക്കൾക്ക് എത്ര രൂപ ധനസഹായം അനുവദിച്ചു എന്ന് വ്യക്തമാക്കുമോ?</td><td>(ബി)</td><td>2023-24 സാമ്പത്തിക വർഷത്തിൽ സോഷ്യൽ വെൽഫെയർ ഗ്രാന്റ് ഇനത്തിൽ 1 കോടി 32 ലക്ഷം രൂപ സർക്കാർ ബോർഡിന് റിലീസ് ചെയ്ത് നൽകിയിട്ടുണ്ട്. പ്രസ്തുത തുക വിനിയോഗിച്ച് താഴെ പറയുന്ന ധന സഹായം ബോർഡ് അനുവദിച്ചിട്ടുണ്ട്.
<table>
<tr><th><u>ഇനം</u></th><th><u>എണ്ണം</u></th><th><u>അനുവദിച്ച തുക</u></th></tr>
<tr><td>പ്രതിമാസ ധനസഹായം</td><td>563</td><td>1,00,35,000/-</td></tr>
<tr><td>ചികിത്സ ധനസഹായം</td><td>173</td><td>25,95,000/-</td></tr>
<tr><td>ഇസ്ലാമിക് ചെയർ ഗ്രാന്റ്</td><td>---</td><td>3,00,000/-</td></tr>
</table>
കൂടാതെ ബോർഡിന്റെ തനത് ഫണ്ടിൽ നിന്നും ഭിന്നശേഷിയുള്ള വ്യക്തികൾക്കുള്ള ധനസഹായ ഇനത്തിൽ 195 പേർക്ക് 23,40,000/- രൂപ (1,000/- രൂപ നിരക്കിൽ 195 പേർക്ക് 12 മാസത്തേക്ക്) അനുവദിച്ചിട്ടുള്ളതുമാണ്.</td></tr>
</table>

സെക്ഷൻ ഓഫീസർ